**പതിമൂന്നാം കേരള നിയമസഭ**

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ. T-100

13.06.2013-ൽ മറുപടിക്ക്

# സിവിൽ സർവ്വീസ് പരീക്ഷയ്ക്കുള്ള പരിശീലന സംവിധാനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി.എ. അഹമ്മദ് കബീർ<br>ശ്രീ. എം. ഉമ്മർ<br>ശ്രീ. സി. മോയിൻകുട്ടി<br>ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസവകുപ്പമന്ത്രി) |
| എ) സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന, സിവിൽ സർവ്വീസ് പരീക്ഷയ്ക്കുള്ള പരിശീലന സംവിധാനങ്ങൾ എന്തൊക്കെ; വിശദമാക്കുമോ ; | എ) അഖിലേന്ത്യാ സിവിൽ സർവ്വീസ് രംഗത്ത് കൂടുതൽ കേരളീയ പ്രാതിനിധ്യം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടുകൂടി, സിവിൽ സർവ്വീസ് പരീക്ഷയ്ക്ക് മികച്ച രീതിയിൽ തയ്യാറെടുപ്പു നടത്തി ഉന്നത വിജയം കൈവരിക്കുവാൻ സഹായിക്കുന്ന ഒരു സ്ഥാപനം, സംസ്ഥാനത്ത് തന്നെ സ്ഥാപിക്കുക എന്ന ഉദ്ദേശത്തോടെയാണ് സംസ്ഥാന സർക്കാർ, 2005 ൽ സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരളയുടെ നിയന്ത്രണത്തിൽ കേരളാ സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാഡമി സ്ഥാപിച്ചത്.<br><br>സിവിൽ സർവ്വീസ് പ്രിലിമിനറി, മെയിൻ എന്നീ രണ്ടു വിഭാഗങ്ങളിലായി നടത്തുന്ന പരീക്ഷയ്ക്കും, ഇന്റർവ്യൂവിനുമുള്ള പരിശീലനം അക്കാഡമി നൽകി വരുന്നു. 6 മാസം ദൈർഘ്യമുള്ള പ്രിലിമിനറി പരിശീലന പദ്ധതിയിൽ റഗുലർ ബാച്ച് കൂടാതെ, മൽസരാർത്ഥികളുടെ സൗകര്യാർത്ഥം ശനി, ഞായർ ദിവസങ്ങളിൽ മാത്രം ക്ലാസ്സുള്ള ഒരു വീക്കെൻഡ് ബാച്ചും അക്കാഡമി ഒരുക്കിയിട്ടുണ്ട്. ഇന്റർവ്യൂവിന് പ്രാധാന്യം നൽകിയുള്ള ഒരു തീവ്ര പരിശീലന പദ്ധതി തയ്യാറാക്കി നടപ്പിലാക്കിവരുന്നു. ഈ പദ്ധതിയനുസരിച്ച് മെയിൻ പരീക്ഷ വിജയിക്കുന്ന കേരളീയ വിദ്യാർത്ഥികളെ ഇന്റർവ്യൂവിന് പ്രാപ്തരാക്കാനുള്ള തീവ്ര |

| | | | |
|---|---|---|---|
| | | | പരിശീലനം അക്കാഡമിയിൽ സൗജന്യമായി നൽകിവരുന്നു.<br><br>അക്കാഡമിയുടെ പ്രവർത്തനം സംസ്ഥാനത്തിന്റെ ഉത്തരമേഖലയിലേയ്ക്കുകൂടി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി, അക്കാഡമിയുടെ ഒരു പ്രാദേശിക കേന്ദ്രം കോഴിക്കോട് ജില്ലയിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.<br>സിവിൽസർവ്വീസ് അക്കാഡമിയുടെ ഉപകേന്ദ്രം പാലക്കാട് ഗവൺമെന്റ് വിക്ടോറിയാ കോളേജിൽ സ്ഥാപിക്കുന്നതിനായി കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. മലപ്പുറം ജില്ലയിലെ പൊന്നാനിയിൽ സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരളയുടെ നിയന്ത്രണത്തിൽ സ്ഥാപിച്ചിട്ടുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കരിയർ സ്റ്റഡീസ് ആന്റ് റിസർച്ച് എന്ന സ്ഥാപനത്തിലെ സിവിൽ സർവ്വീസ് പരിശീലന ക്ലാസ്സുകളിൽ 50 ശതമാനം സീറ്റുകൾ ന്യൂനപക്ഷ സമുദായ വിദ്യാർത്ഥികൾക്കായി സംവരണം ചെയ്തിട്ടുണ്ട്. |
| ബി) | ഇവയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | ബി) | 2012 ലെ സിവിൽ സർവ്വീസ് പരീക്ഷയിൽ അക്കാഡമിയിൽ പരിശീലനം പൂർത്തിയാക്കിയ 85 മൽസരാർത്ഥികളിൽ 1, 2, 4, 24 എന്നീ റാങ്കുൾപ്പെടെ 38 പേർ തിളക്കമാർന്ന വിജയം കൈവരിച്ചിട്ടുണ്ട്. |
| സി) | മലയാളികളായ വിദ്യാർത്ഥികൾക്കായി ന്യൂഡൽഹിയിൽ കേരള ഹൗസിനോടനുബന്ധിച്ച് സിവിൽ സർവ്വീസ് പരിശീലന കേന്ദ്രം ആരംഭിക്കുന്ന കാര്യം പരിശോധിക്കുമോ ? | സി) | ഇപ്പോൾ പരിഗണനയിലില്ല |

[signature]

സെക്ഷൻ ഓഫീസർ